സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 31 ബുധൻ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

മെഡലുകൾ ഗംഗയിൽ ഒഴുക്കുന്നതിൽ നിന്നും പിന്മാറി ഗുസ്തി താരങ്ങൾ

1. ബ്രിജ്ഭൂഷണിനെതിരേ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഗംഗാനാദിയിൽ മെഡലുകൾ ഒഴുക്കാനെത്തിയ സാക്ഷിമാലിക്, സംഗീത ഫോഗട്ട് എന്നിവർ 2. ഗുസ്തി താരങ്ങളെ പിന്തിരിപ്പിച്ച് മെഡലുകൾ തിരിച്ചുവാങ്ങുന്ന ഭാരതീയ കിസാൻ യൂണിയൻ പ്രസിഡന്റ് നരേഷ് ടിക്കായത്

ചിലർ അറിവുള്ളവരായി നടിക്കും, മോദി അതിലൊരാൾ

ബി.ജെ.പിയിൽ ചോദ്യങ്ങളില്ല, ഉത്തരങ്ങൾ മാത്രം: രാഹുൽ ഗാന്ധി



അമേരിക്കയിലെ സംവാദ പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുന്ന രാഹുൽ ഗാന്ധി

ന്യൂയോർക്ക്: ചിലർ തനിക്ക് എല്ലാം അറിയാമെന്ന് ഭാവിക്കുകയും അറിവുള്ളവരായി നടിക്കുകയും ചെയ്യും. മോദി അത്തരത്തിൽപ്പെട്ടവരിൽ ഒരാളാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ഇത്തരക്കാർ ശാസ്ത്രജ്ഞരേയും സൈനികരേയും ഉപദേശിക്കും. ദൈവത്തെ വരെ പഠിപ്പിക്കുമെന്നും ബി.ജെ.പിയിൽ ചോദ്യങ്ങളില്ല, ഉത്തരങ്ങൾ മാത്രമേയുള്ളൂവെന്നും അമേരിക്കയിലെ സംവാദ പരിപാടിയിൽ രാഹുൽ ഗാന്ധി പരിഹസിച്ചു. ഭരണഘടനയിൽ ഇന്ത്യ എന്നത് യൂണിയൻ ഓഫ് സ്റ്റേറ്റ് ആണ്. ഓരോ സംസ്ഥാനത്തെയും സംസ്കാരത്തെയും ഭാഷകളെയും ചരിത്രത്തെയും സംരക്ഷിക്കേണ്ടതുണ്ട്. ഭരണഘടനയിലെ ഈ ആശയത്തെയാണ് ആർ.എസ്.എസും ബി.ജെ.പിയും ആക്രമിക്കുന്നത്. അതുവഴി ഭരണഘടനയെയും ആക്രമിക്കുന്നു. വെറുപ്പിനെ വെറുപ്പ് കൊണ്ട് ജയിക്കാനാവില്ല. ഇന്ത്യയിലെ ജനങ്ങൾ വെറുപ്പിൽ വിശ്വസിക്കുന്നവരല്ല. പരസ്പരം കൊല്ലുന്നവരല്ല. ഒരു ചെറിയ വിഭാഗമാണ് ഇതിനു പിന്നിൽ. അവർക്ക് ഭരണ സംവിധാനത്തിൽ സ്വാധീനം ഉണ്ട്. അവർക്ക് പണം ലഭിക്കുന്നു. മാധ്യമങ്ങളിൽ നിയന്ത്രണമുണ്ട്. യഥാർത്ഥത്തിൽ സംഭവിക്കുന്നതല്ല മാധ്യമങ്ങൾ ഇന്ത്യയിൽ നൽകുന്നത്. മാധ്യമങ്ങളിൽ കാണുന്നത് സത്യമാണെന്ന് കരുതരുതെന്നും രാഹുൽ പറഞ്ഞു. ഭാരത് ജോഡോ യാത്ര തനിക്ക് വലിയ അനുഭവമായിരുന്നു. ഇന്ത്യ ഒരു ആശയത്തെയും തിരസ്കരിച്ചിട്ടില്ല. ഗുരു നാനാക്കും ശ്രീ നാരായണ ഗുരുവും അടക്കമുള്ള എല്ലാ മഹാരഥൻമാരും മറ്റുള്ള മതങ്ങളെ ബഹുമാനിക്കാനാണ് പഠിപ്പിച്ചത്. ഭാരത് ജോഡോയിൽ താൻ കണ്ട ആളുകളിൽ ഭൂരിഭാഗവും സ്നേഹിക്കുന്നവരാണ്. എൻ.ആർ.ഐക്കാർ ഇന്ത്യയുടെ അംബാസിഡർമാരാണ്. വനിത സംവരണ ബിൽ കോൺഗ്രസ് പാസാക്കാനാണ് ശ്രമിച്ചത്. പക്ഷേ സഖ്യകക്ഷികളിൽ ചിലർ എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ, കോൺഗ്രസ് അധികാരത്തിൽ എത്തിയാൽ ബിൽ പാസാക്കുമെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

പുകയിലയ്ക്ക് എതിരേയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും, 'നോ ടുബാക്കോ ക്ലിനിക്കുകൾ ' ആരംഭിക്കും: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: പുകയിലയ്ക്ക് എതിരേയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ 'നോ ടുബാക്കോ ക്ലിനിക്കുകൾ' ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഈ ക്ലിനിക്കുകളിലൂടെ പുകയിലയുടെ ഉപയോഗം തടയുന്നതിനായി കൗൺസിലിംഗും പ്രത്യക ചികിത്സയും ഉറപ്പ് വരുത്തും. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ടുബാക്കോ ഫ്രീ കാമ്പസുകളാക്കാനുള്ള പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പ് പങ്കാളിയാകും. ലോക പുകയില വിരുദ്ധ ദിന സന്ദേശത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

ലോകത്ത് ഓരോ വർഷവും 8 മുതൽ 10 ലക്ഷം പേരുടെ മരണത്തിനും അനേകം മാരക രോഗങ്ങൾക്കും കാരണമാകുന്ന പുകയില ഉപയോഗത്തിനെതിരേ ജനകീയ ഇടപെടലുകളും ബോധവൽക്കരണവും ലക്ഷ്യമിട്ടാണ് ലോകാരോഗ്യ സംഘടന 1988 മുതൽ 'മേയ് 31' ലോക പുകയില വിരുദ്ധ ദിനമായി ആചരിച്ച് വരുന്നത്. 'ഭക്ഷണമാണ് വേണ്ടത് പുകയില അല്ല' എന്നതാണ് ഈ വർഷത്തെ സന്ദേശം. ഭക്ഷ്യോൽപ്പാദനത്തിനും ഭക്ഷ്യലഭ്യതയ്ക്കും മുൻതൂക്കം നൽകി പുകയിലയുടെ കൃഷിയും ലഭ്യതയും കുറയ്ക്കുക എന്നതാണ് ഈ സന്ദേശം മുന്നോട്ടു വയ്ക്കുന്നത്.

പുകയില ഉപയോഗത്തിനും പുകയിലയുടെ ദൂഷ്യവശങ്ങൾക്കുമെതിരേ സംസ്ഥാന ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പൊതു സ്ഥലങ്ങളിലെ പുക വലിയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിശ്ചിത ചുറ്റളവിലുള്ള പുകയില വിൽപനയും നിയന്ത്രിക്കുന്നതിൽ സംസ്ഥാനം രാജ്യത്തിനു തന്നെ മാതൃകയായിട്ടുണ്ട്. പാൻപരാഗ്, ഗുഡ്ക തുടങ്ങിയ പുകയില ഉൽപ്പന്നങ്ങളും ഇ-സിഗരറ്റിന്റെ വിൽപനയും ഉപയോഗവും നിരോധിച്ചതിലൂടെയും പുകയില നിയന്ത്രണ രംഗത്ത് കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു.

പി.എഫ്.ഐ ബന്ധം; നിലമ്പൂരിലും കൊണ്ടോട്ടിയിലും മഞ്ചേശ്വരത്തും വീടുകളിൽ എൻ.ഐ.എ റെയ്ഡ്

മലപ്പുറം: മലപ്പുറത്ത് നിലമ്പൂരിലും കൊണ്ടോട്ടിയിലും പോപ്പുലർ ഫ്രണ്ട് ബന്ധമുള്ളവരുടെ വീട്ടിൽ എൻ.ഐ.എ പരിശോധന. നിലമ്പൂരിൽ ചന്തക്കുന്നു സ്വദേശി ശരീഫ് എന്ന ആളുടെ വീട്ടിൽ ആയിരുന്നു പരിശോധന. ഇവിടെ നിന്നും രേഖകൾ പിടിച്ചെടുത്തു. ശരീഫ് സ്ഥലത്ത് ഉണ്ടായിരുന്നില്ല.

അതേസമയം, കാസർകോട് മഞ്ചേശ്വരം കുഞ്ചത്തൂരിലും എൻ.ഐ.എ പരിശോധന നടത്തി. കുഞ്ചത്തൂരിലെ മുനീറിന്റെ വീട്ടിലാണ് റെയ്ഡ്. ലോക്കൽ പോലിസിന്റെ സഹായത്തോടെയാണ് പരിശോധന നടത്തുന്നത്. പി.എഫ്.ഐ കേസുമായി ബന്ധപ്പെട്ട് കേരളത്തിലടക്കം മൂന്ന് സംസ്ഥാനങ്ങളിലാണ് എൻ.ഐ.എ റെയ്ഡ് നടക്കുന്നത്. 25 ഇടങ്ങളിലാണ് റെയ്ഡ്. ബീഹാർ, കർണാടക എന്നിവിടങ്ങളിലാണ് റെയ്ഡ് നടക്കുന്നത്.

മതപഠന കേന്ദ്രത്തിലെ പെൺകുട്ടിയുടെ മരണം: ആൺസുഹൃത്ത് അറസ്റ്റിൽ

തിരുവനന്തപുരം: ബാലരാമപുരം മതപഠന ശാലയിലെ വിദ്യാർഥിനിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ആൺസുഹൃത്ത് അറസ്റ്റിൽ. ബീമാപ്പള്ളി സ്വദേശി ഹാഷിം ഖാനെ (20)യാണ് പൂന്തുറ പോലിസ് അറസ്റ്റ് ചെയ്തത്. പെൺകുട്ടി ലൈംഗിക പീഡനത്തിന് ഇരയായതായി പോസ്റ്റുമോർട്ടത്തിൽ കണ്ടത്തിയിരുന്നു.

ഇതിന് പിന്നാലെ ഹാഷിമിനെതിരേ പോക്സോ പ്രകാരം കേസെടുത്ത പോലിസ് അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. മതപഠനശാലയിൽ തൂങ്ങി മരിച്ച നിലയിലാണ് പെൺകുട്ടിയെ കണ്ടെത്തുന്നത്. മതപഠനശാലയിലെ പീഡനമാണ് മരണകാരണമെന്ന ബന്ധുക്കളുടെ ആരോപണത്തെ തുടർന്ന് ആത്മഹത്യ പ്രേരണ ക്കേസ് അന്വേഷിക്കുമ്പോഴാണ് പോസ്റ്റുമോർട്ടം റിപ്പോർട്ട് പോലിസിന് ലഭിക്കുന്നത്. ഈ മാസം 13 നാണ് പെൺകുട്ടി മരിക്കുന്നത്.

ഇതിന് ആറുമാസം മുമ്പെങ്കിലും പീഡിപ്പിക്കപ്പെട്ടുവെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ട്. ഇതേ തുടർന്ന് പോലിസ് നടത്തിയ അന്വേഷണത്തിലാണ് പ്രതിയിലേക്ക് എത്തി ചേർന്നത്. പെൺകുട്ടി മതപഠനശാലയിൽ എത്തുന്നതിന് മുമ്പ് പീഡനത്തിന് ഇരയായി എന്ന നിഗമനത്തിലാണ് പോലിസ്. പോക്സോക്ക് പിന്നാലെ ആത്മഹത്യപ്രേരണ കുറ്റത്തിനെടുത്ത കേസിലും വൈകാതെ വഴിത്തിരിവുണ്ടാകുമെന്നാണ് പോലിസ് നൽകുന്ന സൂചന.

സർവീസിൽനിന്ന് വിരമിക്കുന്ന ഒൻപത് പോലിസ് സൂപ്രണ്ടുമാർക്ക് പോലിസ് ആസ്ഥാനത്ത് ഔദ്യോഗിക യാത്രയയപ്പ്

തിരുവനന്തപുരം: സർവീസിൽനിന്നു വിരമിക്കുന്ന ഒൻപത് പോലിസ് സൂപ്രണ്ടുമാർക്ക് പോലിസ് ആസ്ഥാനത്ത് ഔദ്യോഗിക യാത്രയയപ്പ് നൽകി. സംസ്ഥാന പോലിസ് മേധാവി അനിൽകാന്ത് അധ്യക്ഷത വഹിച്ചു. സേനയ്ക്കും സമൂഹത്തിനും വേണ്ടി സർവീസ് കാലത്ത് ആത്മാർത്ഥമായി പ്രവർത്തിച്ച ഓഫിസർമാരെ സംസ്ഥാന പോലിസ് മേധാവി അനുമോദിച്ചു. അവർക്ക് സ്മരണിക സമ്മാനിച്ചു. ഓഫിസർമാർ മറുപടി പ്രസംഗം നടത്തി.സംസ്ഥാന വനിതാകമ്മീഷൻ ഡയരക്ടറും എസ്.പിയുമായ പി.ബി രാജീവ്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് തിരുവനന്തപുരം റേഞ്ച് എസ്.പി ടി.രാമചന്ദ്രൻ, ക്രൈംബ്രാഞ്ച് ആസ്ഥാനത്തെ എസ്.പി കെ.വി.വിജയൻ, മറൈൻ എൻഫോഴ്സ്മെന്റ് എസ്.പി സി.ബാസ്റ്റിൻ സാബു, സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ എസ്.പി ജെ.കിഷോർ കുമാർ, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് കോഴിക്കോട് റേഞ്ച് എസ്.പി പ്രിൻസ് എബ്രഹാം, തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി കമ്മീഷണർ (ക്രൈംസ് ആന്റ് അഡ്മിനിസ്ട്രേഷൻ) കെ.ലാൽജി, ഇടുക്കി ക്രൈബ്രാഞ്ച് എസ്.പി കെ.എം.ജിജിമോൻ, കേരളാ ആംഡ് പോലിസ് ഒന്നാം ബറ്റാലിയൻ കമാന്റന്റ് കെ.എൻ.അരവിന്ദൻ എന്നിവരാണ് ഇന്ന് സർവീസിൽ നിന്ന് വിരമിക്കുന്നത്.

സർവീസിൽനിന്ന് വിരമിക്കുന്ന ഒൻപത് പോലിസ് സൂപ്രണ്ടുമാർക്ക് പോലിസ് ആസ്ഥാനത്ത് ഔദ്യോഗിക യാത്രയയപ്പ് നൽകിയപ്പോൾ

ഇന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പൊതുജനങ്ങൾക്കായി സമർപ്പിക്കുന്ന കൂളിമാട് പാലം

വായ്പാ പരിധി വെട്ടിക്കുറയ്ക്കൽ

വായ്പാ കണക്കുകൾ വിശദീകരിക്കണമെന്ന ആവശ്യവുമായി കേന്ദ്രത്തിന് സംസ്ഥാനം കത്തയച്ചു

തിരുവനന്തപുരം: വായ്പാ പരിധി വെട്ടിക്കുറക്കലിൽ കേന്ദ്രത്തിന് സംസ്ഥാനം കത്തയച്ചു. വായ്പാ കണക്കുകൾ വിശദീകരിക്കണമെന്ന ആവശ്യവുമായാണ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കത്തയച്ചത്. ഈ സാമ്പത്തിക വർഷം കേരളത്തിന് എടുക്കാവുന്ന വായ്പയാണ് കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയത്.

32440 കോടി രൂപ വായ്പ പരിധി നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും 15390 കോടി രൂപക്ക് മാത്രമാണ് അനുമതിയുള്ളത്. കിഫ്ബിയുടേയും പൊതുമേഖല സ്ഥാപനങ്ങളുടേയും വായ്പയുടെ പേരിലാണ് നടപടി. നേരത്തെ കേന്ദ്രം 32440 കോടി രൂപ പരിധി നിശ്ചയിച്ച് നൽകിയെങ്കിലും വായ്പ എടുക്കാൻ അനുമതി നൽകിയത് 15390 കോടി രൂപയ്ക്ക് മാത്രമാണ്.

കഴിഞ്ഞ വർഷം ഇത് 23000 കോടി രൂപയായിരുന്നു. അതായത് കഴിഞ്ഞ വർഷത്തെ കണക്ക് വച്ച് നോക്കിയാൽ വീണ്ടും 8000 കോടി രൂപയുടെ കുറവുണ്ടായി. ഈ വർഷം ഡിസംബർ വരെയുള്ള ഒമ്പത് മാസം എടുക്കാവുന്ന വായ്പ തുകക്ക് അനുമതി തേടി സംസ്ഥാന സർക്കാർ നേരത്തെ കേന്ദ്രത്തെ സമീപിച്ചിരുന്നു. ഇതിനുള്ള മറുപടിയായാണ് നടപ്പ് സാമ്പത്തിക വർഷം ആകെ എടുക്കാവുന്ന തുക സംബന്ധിച്ച കേന്ദ്രത്തിന്റെ അറിയിപ്പ്. ക്ഷേമ പെൻഷൻ വിതരണം അടക്കമുള്ള കാര്യങ്ങൾക്ക് ഇപ്പോൾ തന്നെ ഗുരുതര പ്രതിസന്ധി നേരിടുകയാണ്. വായ്പാ പരിധി പകുതിയോളം കുറച്ചതോടെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നില കൂടുതൽ കഷ്ടത്തിലാകും.

പുൽപ്പള്ളി ബാങ്ക് തട്ടിപ്പ് കേസ്: കെ.പി.സി.സി ജനറൽ സെക്രട്ടറി കസ്റ്റഡിയിൽ

കൽപ്പ : പുൽപ്പള്ളി ബാങ്ക് തട്ടിപ്പ് കേസിൽ കെ.പി.സി.സി ജനറൽ സെക്രട്ടറി കെ.കെ അബ്രഹാം കസ്റ്റഡിയിൽ. ഇയാളെ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യാനായാണ് കസ്റ്റഡിയിൽ എടുത്തതെന്ന് പോലിസ് അറിയിച്ചു. തട്ടിപ്പ് നടക്കുന്ന വേളയിൽ ബാങ്ക് ഭരണസമിതി പ്രസിഡന്റായിരുന്നു കെ.കെ അബ്രഹാം. നിലവിൽ കെ.പി.സി.

കെ.പി.സി.സി ജനറൽ സെക്രട്ടറി കെ.കെ അബ്രഹാം, രാജേന്ദ്രൻ നായർ

സി ജനറൽ സെക്രട്ടറിയായ ഇയാളെ ഇന്നലെ അർധരാത്രിയാണ് ചോദ്യം ചെയ്യാനായി കസ്റ്റഡിയിൽ എടുത്തത്. മുൻ ബാങ്ക് സെക്രട്ടറി രമദേവിയും പോലിസ് കസ്റ്റഡിയിലാണ്. പരാതിക്കാരന്റെ ആത്മഹത്യക്ക് പിന്നാലെയാണ് നടപടികളിലേക്ക് പോലിസ് കടന്നത്. രാജേന്ദ്രൻ നായരുടെ പേരിൽ 25 ലക്ഷം രൂപയുടെ വായ്പ തട്ടിപ്പ് നടത്തിയത് തന്റെ വ്യാജ ഒപ്പിട്ടാണെന്നാണ് മുൻ വൈസ് പ്രസിഡന്റ് ടി.എസ് കുര്യൻ പ്രതികരിച്ചു. തട്ടിപ്പിൽ ഭരണ സമിതി പ്രസിഡന്റായിരുന്ന കെപിസിസി ജനറൽ സെക്രട്ടറി കെ.കെ അബ്രഹാമിനോ ജീവനക്കാർക്കോ പങ്കുണ്ടെങ്കിൽ കണ്ടെത്തണമെന്നും തട്ടിപ്പിൽ തനിക്ക് പങ്കില്ലെന്നും 2016ൽ വൈസ് പ്രസിന്റായിരുന്ന ടി.എസ് കുര്യൻ കൂട്ടിച്ചേർത്തു. പുൽപ്പള്ളി സർവീസ് സഹകരണ ബാങ്കിലെ വായ്പാ തട്ടിപ്പ് കേസിലെ പരാതിക്കാരൻ രാജേന്ദ്രൻ നായർ കഴിഞ്ഞ ദിവസമാണ് വിഷം കഴിച്ച് ജീവനൊടുക്കിയത്. 2016ൽ രാജേന്ദ്രന്റെ വ്യാജ ഒപ്പിട്ട് കോൺഗ്രസ് നേതൃത്വത്തിലുള്ള ഭരണസമിതി ലക്ഷങ്ങൾ തട്ടിയെടുത്തെന്നായിരുന്നു പരാതി. ആറ് വർഷം മുൻപാണ് പുൽപ്പള്ളി സർവീസ് സഹകരണ ബാങ്കിൽ നിന്ന് ഭൂമി പണയംവച്ച് എൺപതിനായിരത്തോളം രൂപ രാജേന്ദ്രൻ വായ്പയെടുക്കുന്നത്. തിരിച്ചടവ് മുടങ്ങിയതോടെ 2019 ൽ ബാങ്കിൽ നിന്ന് ജപ്തി നോട്ടീസ് ലഭിച്ചു. 25 ലക്ഷം രൂപ വായ്പയുണ്ടെന്നായിരുന്നു നോട്ടിസിൽ. ഇതോടെയാണ് തട്ടിപ്പിനിരയായ വിവരം രാജേന്ദ്രൻ അറിയുന്നത്. അന്നത്തെ കോൺഗ്രസ് ഭരണ സമിതി തന്റെ വ്യാജ ഒപ്പിട്ട് ലക്ഷങ്ങൾ തട്ടിയെന്ന് കാണിച്ച് പോലിസിൽ പരാതി നൽകി. ഹൈക്കോടതിയിലടക്കം കേസ് നീണ്ടതിനാൽ ബാങ്കിൽ പണയം വെച്ച ഭൂമി വിൽക്കാൻ രാജേന്ദ്രനായില്ല. ഈ മനോവിഷമമാണ് 55 വയസുകാരനായ രാജേന്ദ്രന്റെ ആത്മഹത്യയിലേക്ക് നയിച്ചതെന്ന് കുടുംബം പറയുന്നു.

കേരള സർക്കാർ
പൊതുമരാമത്ത് വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കോഴിക്കോട്-മലപ്പുറം ജില്ലകളുടെ
വികസനത്തിന് വേഗമേറുന്നു!

31 മേയ് 2023 ബുധൻ
വൈകിട്ട് 4ന്

കൂളിമാട് പാലം
പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നു.

ഉദ്ഘാടനം
പി.എ. മുഹമ്മദ് റിയാസ്
പൊതുമരാമത്ത്,
വിനോദസഞ്ചാര വകുപ്പ് മന്ത്രി

Maitri.com

മൂന്നാറിലെ അനധികൃത കുതിര സവാരികൾക്കെതിരേ നടപടിയുമായി പോലിസ്

മൂന്നാർ: മൂന്നാറിൽ പെരുതുസ്ഥലത്ത് ഗതാഗതതടസമുണ്ടാക്കി പ്രവർത്തിക്കുന്ന അനധികൃത കുതിരസവാരികൾക്കെതിരേ നടപടിയുമായി പോലിസ്. മൂന്നാർ ടോപ് സ്റ്റേഷൻ റോഡിൽ ഫോട്ടോ പോയിന്റ് മുതൽ കുണ്ടള വരെയുള്ള പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലുള്ള കുതിര സവാരിക്കാർക്കാണ് ദേവികുളം പോലിസ് നോട്ടിസ് നൽകിയത്.

മൃഗസംരക്ഷണ വകുപ്പ്, പഞ്ചായത്ത് എന്നിവയുടെ അനുമതിപത്രമില്ലാതെ നടത്തുന്ന സവാരികൾക്കെതിരേ നടപടിയെടുക്കുമെന്നാണു നോട്ടീസിൽ പറയുന്നത്. അനുമതിയില്ലാതെ സഞ്ചാരികളെ കുതിരപ്പുറത്ത് കയറ്റി പ്രധാന റോഡിലൂടെ സവാരി നടത്തുന്നതുമൂലം ഫോട്ടോ പോയിന്റ്, കൊരണ്ടക്കാട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിൽ മണിക്കൂറുകളുടെ ഗതാഗതകുരുക്ക് ഉണ്ടാകുന്നത് പതിവാണ്. കുതിരകളുടെ വിസർജ്യങ്ങൾ പ്രധാന റോഡിലും വശങ്ങളിലും കിടക്കുന്നത് പകർച്ചവ്യാധികൾക്ക് കാരണമാകുന്നതിനാലും പതിവായുണ്ടാകുന്ന ഗതാഗതക്കുരുക്കും അപകടസാധ്യതയും കണക്കിലെടുത്താണ് നോട്ടീസ് നൽകിയതെന്ന് പോലിസ് അറിയിച്ചു. ഫോട്ടോ പോയിന്റ് മുതൽ കുണ്ടള വരെ മുപ്പതിലധികം കുതിരകളെയാണ് സവാരിക്കായി ഉപയോഗിക്കുന്നത്. പിഞ്ചു കുട്ടികളടക്കമുള്ള സഞ്ചാരികളെ കുതിരപ്പുറത്തു കയറ്റി അമിതവേഗത്തിൽ സവാരി നടത്തുന്നത് ഒരു സുരക്ഷാസംവിധാനങ്ങളുമില്ലാതെയാണ്.

തദ്ദേശ ഉപതെരഞ്ഞെടുപ്പ്; പുഞ്ഞാറും പുതുപ്പാടിയും എൽ.ഡി.എഫ് നിലനിർത്തി

കോട്ടയം: തദ്ദേശ ഉപതെരഞ്ഞെടുപ്പിൽ കോട്ടയം പുഞ്ഞാറിലും വയനാട്ടിലെ പുതുപ്പാടിയിലും എൽ.ഡി.എഫിന് ജയം. പൂഞ്ഞാർ പഞ്ചായത്ത് ഒന്നാം വാർഡ് പെരുന്നിലത്ത് നടന്ന ഉപതെരഞ്ഞെടുപ്പിൽ വാർഡ് സി.പി.എം പിടിച്ചെടുത്തു. ജനപക്ഷത്തിന്റെ സിറ്റിംഗ് സീറ്റായിരുന്നു ഇത്. എൽ.ഡി.എഫ് സ്ഥാനാർഥി ബിന്ദു അശോകൻ 12 വോട്ടുകൾക്കാണ് വിജയിച്ചത്. ബി.ജെ.പി പിന്തുണയോടെ മത്സരിച്ച ജനപക്ഷം മൂന്നാം സ്ഥാനത്തേക്ക് വീണു.

വയനാട് പുതുപ്പാടി പഞ്ചായത്തിൽ എൽ.ഡി.എഫിന് അട്ടിമറി ജയം. കനലാട് വാർഡ് എൽ.ഡി.എഫ് പിടിച്ചെടുത്തു. 154 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വിജയം. മണിമല പഞ്ചായത്തിലെ മുക്കട വാർഡ് എൽ.ഡി.എഫ് നിലനിർത്തി. തിരുവനന്തപുരം പഴയ കുന്നുമ്മേൽ കാനാറ വാർഡ് യു.ഡി.എഫ് നിലനിർത്തി.പാലക്കാട് ലക്കിടി പേരൂർ ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്വതന്ത്രൻ സീറ്റ് നിലനിർത്തി. ചേർത്ത നഗരസഭ 11ാം വാർഡ് ഇടത് സ്വതന്ത്രൻ എ.അജി 310 വോട്ടിന് ജയിച്ചു. കണ്ണൂർ പിലാത്തറ, ചെറുതാഴം പഞ്ചായത്ത് കക്കോണി വാർഡിൽ യു.ഡി.എഫ് വിജയിച്ചു. പത്തനംതിട്ട മൈലപ്ര അഞ്ചാം വാർഡ് യു.ഡി.എഫ് ജയിച്ചു. കോൺഗ്രസിന്റെ ജെസി വർഗീസ് 76 വോട്ടുകൾക്കാണ് വിജയിച്ചത്.

സംസ്ഥാനത്ത് അഞ്ച് ദിവസം വ്യാപകമായി ഇടിമിന്നലോടുകൂടിയ മഴക്ക് സാധ്യത; ജാഗ്രത മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥ വകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം വ്യാപകമായി ഇടിമിന്നലും കാറ്റോട് കൂടിയ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. ഇത് പ്രകാരം അടുത്ത അഞ്ച് ദിവസങ്ങളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നും നാളെയും ഇടുക്കി ജില്ലയിലും രണ്ടാം തിയതി പത്തനംതിട്ട, ഇടുക്കി ജില്ലകളിലുമാണ് യെല്ലോ അലർട്ട്. മൂന്നാം തിയ്യതി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലായിരിക്കും യെല്ലോ അലർട്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. കേരള കർണാടക തീരങ്ങളിലും

ലക്ഷദ്വീപ് പ്രദേശത്തും മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. 02-06-2023 മുതൽ 03-06-2023 വരെ: ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, ശ്രീലങ്കൻ തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത. മേൽപ്പറഞ്ഞ തീയതിയിലും പ്രദേശത്തും മത്സ്യബന്ധനത്തിന് പോകുവാൻ പാടുള്ളതല്ല.

കേരള നിർമാണ തൊഴിലാളി കോൺഗ്രസ് (ഐ.എൻ.ടി.യു.സി) സംസ്ഥാന കൺവെൻഷൻ ഐ.എൻടി.യു.സി ജില്ലാ പ്രസിഡന്റ് കെ. രാജീവ് ഉദ്ഘാടനം ചെയ്യുന്നു

മനുഷ്യാവകാശ കമ്മീഷൻ കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിംഗിൽ കമ്മീഷൻ അംഗം കെ. ബൈജുനാഥ് പരാതി കേൾക്കുന്നു

തെളിവില്ല, ബ്രിജ് ഭൂഷണിനെ അറസ്റ്റ് ചെയ്യാനാവില്ല: ഡൽഹി പോലിസ്

ന്യൂഡൽഹി: ലൈംഗികാതിക്രമ കേസിൽ ആരോപണവിധേയനായ ബി.ജെ.പി എം.പി ബ്രിജ് ഭൂഷൺ സിംഗിനെ അറസ്റ്റ് ചെയ്യാനാവില്ലെന്ന് ഡൽഹി പോലിസ്. അറസ്റ്റ് ചെയ്യാനുള്ള തെളിവ് ലഭിച്ചിട്ടില്ലെന്ന് ഡൽഹി പോലിസ്. ഗുസ്തി താരങ്ങൾ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ സാധൂകരിക്കുന്ന തെളിവുകൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. തെളിവുനശിപ്പിക്കാനോ സാക്ഷികളെ സ്വാധീനിക്കാനോ ബ്രിജ്ഭൂഷൺ ശ്രമിച്ചിട്ടില്ലെന്നും പോലിസ് പറഞ്ഞു. 15 ദിവസത്തിനകം കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കും. അത് ചിലപ്പോൾ കുറ്റപത്രമോ അല്ലെങ്കിൽ അന്തിമ റിപ്പോർട്ടോ ആയേക്കാം. എഫ്.ഐ.ആറിൽ ചേർത്തിട്ടുള്ള പോക്സോ വകുപ്പുകൾക്ക് ഏഴ് വർഷത്തിൽ താഴെ തടവുശിക്ഷയാണ് ഉള്ളത്. അതിനാൽ പരാതിക്കാർ ആവശ്യപ്പെടുന്നത് പോലെ അന്വേഷണ ഉദ്യോഗസ്ഥന് അറസ്റ്റുമായി മുന്നോട്ട് പോകാനാവില്ലെന്നും പോലിസ് പറയുന്നു. അതേസമയം ബ്രിജ് ഭൂഷണിനെതിരേ പ്രതിഷേധം കടുപ്പിക്കുകയാണ് ഗുസ്തി താരങ്ങൾ. രാജ്യത്തിനായി ലഭിച്ച മെഡലുകൾ ഗംഗയിലൊഴുക്കുമെന്ന് ഗുസ്തി താരങ്ങൾ അറിയിക്കുകയായിരുന്നു. തുടർന്ന് അതിവൈകാരികമായ രംഗങ്ങൾക്കാണ് കഴിഞ്ഞ ദിവസം രാജ്യം സാക്ഷിയായത്. രാജ്യവ്യാപകമായ പ്രതിഷേധം ഉയർന്നെങ്കിലും കേന്ദ്രം വിഷയത്തിൽ പ്രതികരിക്കാനോ നടപടി സ്വീകരിക്കാനോ ഇതുവരെ തയ്യാറായിട്ടില്ല. വിഷയത്തിൽ അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റി ഇടപെടുന്നുണ്ട്. താരങ്ങളോടുള്ള സമീപനം അസ്വസ്ഥതയുണ്ടാക്കുന്നതാണെന്നും പക്ഷപാതരഹിതമായ അന്വേഷണം വേണമെന്നും ഇന്റർനാഷണൽ ഒളിംപിക് കമ്മിറ്റി ആവശ്യപ്പെട്ടു. ഗുസ്തി താരങ്ങളുമായി അന്താരാഷ്ട്ര ഒളിംപിക് കമ്മറ്റി പ്രതിനിധികൾ ഉടൻ ചർച്ച നടത്തും.

മാനദണ്ഡങ്ങൾ പാലിക്കുന്നില്ല: 150 മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടമാകാൻ സാധ്യത

മുംബൈ: രാജ്യത്തെ 150 മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടമാകാൻ സാധ്യത. ദേശീയ മെഡിക്കൽ കമ്മീഷന്റെ (എൻ.എം.സി) അംഗീകാരമാണ് നഷ്ടപ്പെടാൻ സാധ്യത. പ്രവർത്തിക്കുന്നതിന് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നാണ് പരാതി. നിലവിൽ 40ഓളം മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെട്ടു.

നിലവിൽ അംഗീകാരം നഷ്ടപ്പെടാൻ സാധ്യതയുള്ള കോളേജുകൾ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് എൻ.എം.സിയെ ബോധ്യപ്പെടുത്തിയാൽ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളു. ക്യാമറകൾ കൃത്യമായി സ്ഥാപിച്ചിട്ടില്ലെന്നും, പ്രവർത്തനയോഗ്യമായ ക്യാമറകൾ ഉപയോഗിക്കുന്നില്ലെന്നും തുടങ്ങി മാനദണ്ഡ ലംഘനങ്ങളുടെ പരമ്പര തന്നെ കോളേജുകളിൽ കമ്മീഷൻ കണ്ടെത്തി. ഫാക്കൽറ്റി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും, ബയോമെട്രിക് സൗകര്യം പ്രവർത്തന സജ്ജമല്ലെന്നും പരിശോധനയിൽ കണ്ടെത്തി. നിയമങ്ങൾ പാലിക്കാത്ത മെഡിക്കൽ കോളേജുകൾക്കെതിരേ നടപടിയെടുക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യ ഡിസംബറിൽ മുന്നറിയിപ്പ് നൽകിയിരുന്നു.

വിദ്യാർഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകണമെന്നും നല്ല ഡോക്ടർമാരെ സൃഷ്ടിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.കഴിഞ്ഞ ഒരു മാസമായി കമ്മീഷന്റെ ബിരുദ മെഡിക്കൽ വിദ്യാഭ്യാസ ബോർഡ്, കോളേജുകൾ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നതിനെ കുറിച്ച് അന്വേഷണം നടത്തി വരികയായിരുന്നു. ആധാർ ബന്ധിപ്പിച്ച ബയോമെട്രിക് ഹാജർ നടപടിയിൽ തിരിമറികൾ നടക്കുന്നതായും സി.സി.ടി.വി ക്യാമറകൾ, ഫാക്കൽറ്റി ചുമതലകൾ എന്നിവയിലെ മാനദണ്ഡങ്ങൾ മെഡിക്കൽ കോളേജുകൾ പാലിക്കുന്നില്ലെന്നും വിദ്യാഭ്യാസ ബോർഡ് നടത്തിയ പരിശോധനയിൽ കണ്ടെത്തി. നിലവിൽ ഗുജറാത്ത്, അസം, പുതുച്ചേരി, തമിഴ്നാട്, പഞ്ചാബ്, ആന്ധ്രാപ്രദേശ്, ത്രിപുര, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളാണ് എൻ.എം.സിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

എന്നാൽ, മെഡിക്കൽ കോളേജുകൾക്ക് അപ്പീൽ നൽകാൻ അവസരമുണ്ട്. എൻ.എം.സിക്ക് മുൻപാകെ 30 ദിവസത്തിനകം ആദ്യ അപ്പീൽ നൽകാൻ സാധിക്കും. അപ്പീൽ തള്ളുന്ന സാഹചര്യമുണ്ടായാൽ മെഡിക്കൽ കോളേജുകൾക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ സമീപിക്കാം. അതേസമയം, മെഡിക്കൽ വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായ മെഡിക്കൽ കോളേജുകളോ, സീറ്റുകളോ ഇല്ലാത്ത സാഹചര്യമാണ് രാജ്യത്ത് നിലവിലുള്ളത്. ഇത്തരമൊരു പ്രതിസന്ധി നിലനിൽക്കെ 150 മെഡിക്കൽ കോളേജുകളുടെ അംഗീകാരം നഷ്ടമായാൽ വലിയ തിരിച്ചടി ഉണ്ടാകും. കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം 2014 മുതൽ മെഡിക്കൽ കോളേജുകളുടെ എണ്ണം രണ്ട് തവണ വർധിപ്പിച്ചിട്ടുണ്ട്. 2014ൽ രാജ്യത്ത് 387 മെഡിക്കൽ കോളേജുകളാണുണ്ടായിരുന്നത്. 2023-ൽ ഇത് 660 ആയി ഉയർന്നു. എന്നാൽ പെട്ടെന്ന് ഇത്രയധികം മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കിയാൽ മെഡിക്കൽ കോളേജുകളുടെ എണ്ണം നാലിലൊന്നായി കുറയും.

നാണയ എ.ടി.എമ്മുമായി ആർ.ബി.ഐ

രാജ്യത്തെ 12 ജില്ലകളിലായി 19 കേന്ദ്രങ്ങളിൽ ആദ്യഘട്ടത്തിൽ മെഷീനുകൾ സ്ഥാപിക്കും

ന്യൂഡൽഹി: രാജ്യത്തെ 12 നഗരങ്ങളിൽ ക്യു.ആർ കോഡുകൾ ഉപയോഗിച്ച് കോയിൻ വെൻഡിംഗ് മെഷീനുകൾ എത്തുന്നു. മാർച്ചിൽ നടന്ന എം.പി.സി യോഗത്തിൽ കോയിൻ വെൻഡിംഗ് മെഷീനുകൾ ഉടൻ ലഭ്യമാകുമെന്ന് ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് പ്രഖ്യാപിച്ചിരുന്നു. നാണയങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. രാജ്യത്തെ 12 ജില്ലകളിലായി 19 കേന്ദ്രങ്ങളിൽ ആദ്യഘട്ടത്തിൽ മെഷീനുകൾ സ്ഥാപിക്കും. ആദ്യഘട്ടത്തിൽ ഷോപ്പിംഗ് മാളുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലാണ് മെഷീനുകളെത്തുക.

നാണയങ്ങളുടെ വിതരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്, റിസർവ് ബാങ്ക്, ആക്സിസ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ഐ.സി.ഐ.സി.ഐ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക് തുടങ്ങിയ അഞ്ച് ബാങ്കുകളുമായി സഹകരിച്ച് പൈലറ്റ് പ്രോജക്റ്റ് ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നും കോഴിക്കോട് മാത്രമാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. അഹമ്മദാബാദ്, ബറോഡ, ബംഗളൂരു, ചെന്നൈ, ഹൈദരാബാദ്, കാൺപൂർ, കൊൽക്കത്ത, മുംബയ്, ന്യൂഡൽഹി, പട്ന, പ്രയാഗ്‌രാജ് എന്നിവയാണ് കോയിൻ വെൻഡിംഗ് മെഷീനുകൾ എത്തുന്ന മറ്റ് നഗരങ്ങൾ. ഒരു രൂപ മുതൽ 20 രൂപ വരെയുള്ള നാണയങ്ങളായിരിക്കും ഉപയോക്താക്കൾക്ക് ലഭിക്കുക. മെഷീനിലെ ക്യു.ആർ കോഡ് സ്കാൻ ചെയ്താണ് നാണയം എടുക്കേണ്ടത്. എത്ര നാണയങ്ങൾ വേണമെങ്കിലും ഉപഭോക്താവിന് സ്കാൻ ചെയ്തെടുക്കാം.

അമിത് ഷായുടെ സന്ദർശനത്തിനിടയിലും 24 മണിക്കൂറിനിടെ കൊല്ലപ്പെട്ടത് 10 പേർ; സംഘർഷത്തിന് ശമനമില്ലാതെ മണിപ്പൂർ

ന്യൂഡൽഹി: കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ സന്ദർശനത്തിനിടയിലും മണിപ്പൂരിൽ സംഘർഷത്തിന് അയവില്ല. 24 മണിക്കൂറിനിടെ രണ്ട് പോലിസുകാരുൾപ്പെടെ 10 പേരാണ് സംഘർഷത്തിൽ കൊല്ലപ്പെട്ടത്. സംസ്ഥാനത്തെ സൈനിക നടപടി വിഘടന വാദത്തിനെതിരായിട്ടല്ലെന്നും, ഇരുവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷമാണ് നടക്കുന്നതെന്നും സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ പറഞ്ഞു. സൈന്യം സംസ്ഥാന സർക്കാരിനെ സഹായിക്കുകയാണ്, സ്ഥിതി ശാന്തമാകാൻ സമയമെടുക്കുമെന്നും സംയുക്ത സൈനിക മേധാവി പറഞ്ഞു. ഇംഫാലിലെത്തിയ അമിത് ഷാ ചർച്ചകളും സമാധാന ശ്രമങ്ങളും തുടരുന്നതിനിടെയാണ് ഇംഫാൽ ഈസ്റ്റ് ജില്ലയിലെ വഖാൻപായ് മേഖലയിലെ സംഘർഷത്തിൽ ഒരാൾ കൊല്ലപ്പെട്ടത്. ഞായറാഴ്ച രാത്രി ഇംഫാലിലും കാക്ചിംഗ് ജില്ലയിലുമുണ്ടായ സംഘർഷത്തിലാണ് രണ്ട് പോലിസുകാരുൾപ്പെടെ ഒൻപത് പേർ കൊല്ലപ്പെട്ടത്. അക്രമമുണ്ടായ മേഖലകളിൽ നിന്നും ആളുകളെ ഒഴിപ്പിക്കുന്ന സൈനിക വാഹനവ്യൂഹത്തിന് നേരെയടക്കം ആക്രമണമുണ്ടായി. മണിപ്പൂരിൽ ഇടപെടണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് രാഷ്ട്രപതിക്ക് നിവേദനം നൽകി. രാവിലെയാണ് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയുടെ നേതൃത്വത്തിലുള്ള സംഘം രാഷ്ട്രപതി ഭവനിലെത്തി ദ്രൗപദി മുർമുവിന് നിവേദനം കൈമാറിയത്. 12 നിർദേശങ്ങളടങ്ങിയ നിവേദനത്തിൽ മണിപ്പൂർ സംഘർഷം കൈകാര്യം ചെയ്യുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരാജയമാണെന്ന് ആരോപിക്കുന്നു. ബി.ജെ.പിയുടെ വിഭജന രാഷ്ട്രീയമാണ് കലാപത്തിന് കാരണമെന്ന് ജയറാം രമേശും ആരോപിച്ചു. മെയ്തി- കുകി വിഭാഗക്കാർ തമ്മിൽ തുടരുന്ന സംഘർഷത്തിൽ ഇതുവരെ 85 പേരാണ് കൊല്ലപ്പെട്ടത്.

മതേതര ജനാധിപത്യ പരമാധികാര രാഷ്ട്രത്തെ ഭൂരിപക്ഷ വർഗീയതയുടെ രാജ്യമാക്കി മാറ്റാനുള്ള നീക്കം നടക്കുന്നു: രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ

തിരുവനന്തപുരം: രാജ്യ തലസ്ഥാനമായ ഡൽഹിയിൽ ഡൽഹി സർവകലാശാല പാഠ്യ പദ്ധതിയിൽ പൊളി റ്റിക്കൽ സയൻസ് കോഴ്സിൽ മഹാത്മാ ഗാന്ധിയെ കുറിച്ചുള്ള ഭാഗം ഒഴിവാക്കി പകരം സവർക്കറെ കുറിച്ചുള്ള ഭാഗം ഉൾപ്പെടുത്തുകയും 'സാരെ ജഹാ സെ അഛാ' എന്ന ദേശാഭക്തി ഗാന രചയിതാവ് മുഹമ്മദ് ഇഖ്ബാൽ തിരസ്തരിക്കപ്പെട്ടതും ഗൗരവപൂർവ്വം വിലയിരുത്തേണ്ട ദേശീയ വിരുദ്ധ നീക്കമാണെന്ന് കോൺഗ്രസ് -എസ് സംസ്ഥാന പ്രസിഡന്റ് രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ പറഞ്ഞു. കെ.എസ്.യു സ്ഥാപക ദിന സംസ്ഥാനതല ആഘോഷം തിരുവനന്തപുരം നന്ദാവനം പ്രൊഫ.എൻ.കൃഷ്ണ പിള്ള സ്മാരക ഗ്രന്ഥശാല ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുയായിരുന്നു അദ്ദേഹം. ഈ നില തുടർന്നാൽ വൈകാതെ രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിജിയെ മാറ്റി ഗാന്ധിജിയുടെ ഘാതകനെ രാഷ്ട്ര പിതാവായി അംഗീകരിക്കാനും കേന്ദ്ര ഭരണകൂട ഭീകരത മടിക്കില്ല എന്നാണ് അനുഭവ പരമ്പരകൾ വ്യക്തമാക്കുന്നത്. വളരെ ആസൂത്രിതമായി ദേശീയ നേതാക്കളെയും ദേശീയ ചരിത്രത്തേയും തൂത്തെറിഞ്ഞ് മതേതര ജനാധിപത്യ പരമാധികാര രാഷ്ട്രത്തെ ഭൂരിപക്ഷ വർഗീയതയുടെ രാജ്യമാക്കി മാറ്റാനുള്ള അത്യന്തം രാജ്യദ്രോഹപരമായ നീക്കമാണ് നടക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്കും സി.ബി.എസ്.ഇ നാഷണൽ ക്ലസ്റ്റെൽസ് ഫുട്ബോളിൽ മൂന്നാം സ്ഥാനം ലഭിച്ച പി.വി.എസ് പബ്ലിക്ക് സ്കൂളിലെ വിദ്യാർഥിയും കെ.എസ്.യു(എസ്) കണ്ണൂർ ജില്ലാ സെക്രട്ടറിയുമായ അൽതാഫ് റഹ്മനും (മലപ്പുറം) കെ.എസ്.യു(എസ്) സംസ്ഥാന കമ്മിറ്റി ഏർപ്പെടുത്തിയ ട്രോഫിയും മെമന്റോയും പഠനോപകരണവും രാമചന്ദ്രൻ കടന്നപ്പള്ളി വിതരണം ചെയ്തു. ചടങ്ങിൽ പ്രസിഡന്റ് റെനീഷ് മാത്യു അധ്യക്ഷത വഹിച്ചു. പാളയം രാജാൻ, മാത്യൂസ് കോല്ലംബേരി, വി.വി സന്തോഷ് ലാൽ, ജഗവിനോദ്, സന്തോഷ് കാലാ, ജെയ്സൺ ജോസഫ്, പട്ടം കൃഷ്ണകുമാർ, അഷറഫ് പിലത്തറ, ഷെമിർഷ ആജ്ജലിപ്പ , ആർ. രാജിവ് , അനുപമ ഇ.വേണുഗോപൽ, അൽത്വഫ് റഹ്മാൻ , എസ്.നജിബ്ബ് തിരുവനന്തപുരം കല്ലറ, ലിസി ജേക്കബ്ബ്, ആനി തുടങ്ങിയവർ സംസാരിച്ചു.

കെ.എസ്.യു സ്ഥാപകദിന സംസ്ഥാനതല ആഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ

യു.എ.ഇ വിസിറ്റ് വിസ: ഇനിമുതൽ അധിക ദിവസങ്ങളില്ല

അബുദാബി: യു.എ.ഇ വിസിറ്റ് വിസകളോടൊപ്പം ലഭിച്ചിരുന്ന 10 ദിവസത്തെ അധിക (ഗ്രേസ് പീരീഡ്) ദിനങ്ങൾ ഒഴിവാക്കി. അബുദാബി ഷാർജ വിസകൾ നേരത്തെ തന്നെ ഇത് ഒഴിവാക്കിയിരുന്നുവെങ്കിലും ദുബായ് വിസയ്ക്ക് ദുബായ് എയർപോർട്ട് വഴി യാത്ര ചെയ്യുമ്പോൾ 10 അധിക ദിവസങ്ങൾ ലഭിച്ചിരുന്നു. മെയ് 15 മുതൽ ദുബായ് വിസകൾക്കും ഒഴിവാക്കിയതായാണ് പുതിയ അറിയിപ്പ് വന്നത്. ഇക്കാര്യം അറിയാതെ യാത്ര ചെയ്ത പലരും എയർപോർട്ടിൽ പിഴ നൽകിയാണ് യാത്ര ചെയ്തത്. കൂടാതെ വിസിറ്റ് വിസ കാലാവധി കഴിയുന്നതിന് മുമ്പായി പെട്ടെന്ന് പുതുക്കുകയോ യു.എ.ഇയിൽ നിന്ന് എക്സിറ്റ് ചെയ്യുകയോ ചെയ്യേണ്ടതുണ്ട്. അല്ലാത്ത പക്ഷം ട്രാവൽ ഏജൻസികൾക്ക് അബ്സ്കോണ്ട് ചെയ്യേണ്ടി വരുന്നുണ്ട്. 3000-4000 ദിർഹം വരെ പിഴയും യു.എ.ഇ ബാനും ലഭിക്കാൻ വരെ സാധ്യതയുണ്ട്.യാത്രക്കാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

സഹകരണ സംഗമം തിരുവനന്തപുരത്ത് നടത്തും

തിരുവനന്തപുരം: ജൂലൈ രണ്ടാം വാരത്തിൽ തിരുവനന്തപുരത്ത് സഹകരണ സംഗമം നടത്താൻ മിസലെനിയസ് കോ -ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ഷൻ കൗൺസിൽ തീരുമാനിച്ചു. ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് തുടർ പ്രക്ഷോഭ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി.

സഹകരണ നിയമ ഭേദഗതി നിർദേശങ്ങളിലെ ജനാധിപത്യ വിരുദ്ധ നടപടികൾ ഒഴിവാക്കുക, മിസലെനിയസ് സംഘങ്ങൾക്ക് അപ്പക്സ് കൗൺസിൽ രൂപീകരിക്കണമെന്ന ശ്രീറാം കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്ത് ബദൽ സംവിധാനത്തിനു രൂപം നൽകുക, ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന 50% പി.എസ്.സി സംവരണം തുടർന്നും നൽകുക, ക്ലാസിഫിക്കേഷൻ പരിഷ്കരിക്കുക, കളക്ഷൻ ഏജന്റുമാരുടെയും അപ്രൈസർമാരുടെയും വേതന-പ്രൊമോഷൻ പരിഷ്കരിക്കുക, വനിത സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ആക്ഷൻ കൗൺസിൽ ഉന്നയിച്ചിട്ടുള്ളത്. യോഗത്തിൽ നെല്ലിമൂട് പ്രഭാകരൻ, എൻ.എം നായർ, കരുംകുളം വിജയകുമാർ, നസീമ.എസ്, എസ്. വേണുഗോപാൽ, എൻ. ധർമരാജ്, തച്ചൻകോട് വിജയൻ, പോങ്ങിൽ മണി, ബി.മുരളീധരൻ നായർ, ബി.വിത്സൻ, ജി.ടി ബാലു, ലാൽ, ഉദയ ബാനു തുടങ്ങിയവർ പങ്കെടുത്തു.

പ്രവാസി പെൻഷൻ ഹോൾഡേഴ്സ് അസോസിയേഷൻ കാസർകോട് ജില്ലാ രൂപീകരണ കൺവെൻഷനിൽ നിന്ന്

പ്രവാസി പെൻഷൻ സുതാര്യമാക്കണം, അവകാശങ്ങൾ സംരക്ഷിക്കാൻ നടപടികൾ വേണം: പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ്

കാഞ്ഞങ്ങാട്: മൂന്നരപ്പതിറ്റാണ്ടിലേറെക്കാലം നടത്തിയ പരിശ്രമങ്ങളിലൂടെ സർക്കാരുകളിൽ നിന്നും നേടിയെടുത്ത അവകാശങ്ങളെ സംരക്ഷിക്കാൻ പ്രവാസി സമൂഹവും സംഘടനാ പ്രവർത്തകരും ഊർജസ്വലരായി മുന്നോട്ട് വരണമെന്നും പ്രവാസി പെൻഷൻ അടക്കമുള്ള എല്ലാ പദ്ധതികളുടേയും നടത്തിപ്പിൽ അടങ്ങിയിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് സുതാര്യതപുലർത്തണമെന്നും പ്രവാസി പെൻഷൻ ഹോൾഡേഴ്സ് അസോസിയേഷൻ സംസ്ഥാന ചെയർമാൻ പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. പ്രവാസി പെൻഷൻ ഹോൾഡേഴ്സ് അസോസിയേഷൻ കാസർകോട് ജില്ലാ രൂപീകരണ കൺവെൻഷൻ കാഞ്ഞങ്ങാട് വ്യാപാര ഭവൻ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പെൻഷൻ അംഗത്വ പ്രായപരിധി ഒഴിവാക്കുക, കുടിശിഖയിന്മേൽ വസൂൽ ചെയ്യുന്ന അശാസ്ത്രീയമായ പിഴ അവസാനിപ്പിക്കുക, മരണമടഞ്ഞ പ്രവാസികളുടെ നോമിനിയെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുക, 60 വയസു കഴിഞ്ഞാലുടൻ നൽകേണ്ട പെൻഷൻ കാലതാമസം ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് നൽകിയ നിവേദനങ്ങൾക്ക് പരിരക്ഷ നൽകണമെന്നും അഹമ്മദ് ആവശ്യപ്പെട്ടു. കെ.എൻ.എ.അമീർ അധ്യക്ഷത വഹിച്ചു. ഡോ. കെ.പി ഹരീന്ദ്രൻ ആചാരി മുഖ്യപ്രഭാഷണം നടത്തി. വി. രാമചന്ദ്രൻ, മുഹമ്മദ് കോയ, പത്മാവതി, വത്സലൻ, സത്താർ ആവിക്കര, കെ. രുഗ്മണി, പയ്യന്നൂർ ഷിഹാബ്, കെ.പി രാജൻ നമ്പ്യാർ, ടി. നാരായണൻ, അഴിക്കോട് ഷാഹുൽ , ഷിജുഖാൻ പരപ്പനങ്ങാടി എന്നിവർ സംസാരിച്ചു.

'ലീലാ വിമലേശൻ സപ്തതി ആഘോഷം' ജൂൺ നാലിന്

കോഴിക്കോട്: എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ അംഗവും വനിതാ സംഘം യൂണിയൻ സെക്രട്ടറിയുമായ ലീലാ വിമലേശന്റെ സപ്തതി ആഘോഷം ജൂൺ നാലിന് രാവിലെ 10 മണിക്ക് ഗുരുവരാശ്രമത്തിൽ വച്ച് നടക്കും. ഉദ്ഘാടനവും ഉപഹാര സമർപ്പണവും ശ്രീമദ് സ്വാമി പ്രേമാനന്ദ നിർവഹിക്കും. യോഗം ഡയരക്ടർ ബാബു പൂതമ്പാറ മുഖ്യപ്രഭാഷണം നടത്തും. യൂണിയൻ പ്രസിഡന്റ് ഷനൂപ് താമരക്കുളം അധ്യക്ഷത വഹിക്കും. യൂണിയൻ-ശാഖാ-പോഷകസംഘടനാ ഭാരവാഹികൾ ഹാരാർപ്പണം നടത്തും. കെ.ബിനുകുമാർ (യോഗം ഡയരക്ടർ), അഡ്വ.എം രാജൻ (യൂണിയൻ കൗൺസിലർ), ഷിബിക.എം (വനിതാ സംഘം യൂണിയൻ പ്രസിഡന്റ്), കെ.വി ശോഭ (വനിതാ സംഘം മുൻ യൂണിയൻ പ്രസിഡന്റ്), ഉഷാവിവേക് (ശ്രീനാരായണ സെൻട്രൽ സ്കൂൾ) എന്നിവർ ആശംസകൾ നേരും. സുധീഷ് കേശവപുരി സ്വാഗതവും രാജീവ് കുഴിപ്പള്ളി (യൂണിയൻ വൈസ് പ്രസിഡന്റ്) നന്ദിയും പറയും.

ഷാമിൽ കേരള ടീമിലേക്ക്

മാഹി: മാഹി ഹോക്കി ക്ലബിന്റെ താരം ഷാമിൽ കേരള ടീമിലേക്ക്. ജൂനിയർ ഇന്ത്യ ഹോക്കി ചാമ്പ്യൻഷിപ്പിലേക്കുള്ള കേരള ഹോക്കി ടീമിൽ മാഹി ഹോക്കി ക്ലബ്ബിന്റെ കളിക്കാരനായ ഷാമിലിനെ തിരഞ്ഞെടുത്തു.

ഒഡീഷയിൽ വെച്ച് നടക്കുന്ന പതിമൂന്നാമത് ഇന്ത്യൻ ജൂനിയർ ദേശീയ ചാമ്പ്യൻഷിപ്പിൽ ഷാമിൽ കളിക്കും. ജൂൺ 12 മുതൽ ജൂൺ 22 വരെ റൂർക്കേലയിൽ വെച്ചാണ് മത്സരങ്ങൾ.

2017 മുതൽ മാഹി ഹോക്കി ക്ലബിലൂടെ വളർന്ന ഷാമിൽ കഠിന പരിശ്രമത്തിലൂടെയാണ് കേരള ടീമിൽ എത്തിയത്. ഷാമിലിനെ കൂടാതെ ആറ് ദേശീയ താരങ്ങളേയും രണ്ട് യൂണിവേഴ്സിറ്റി താരങ്ങളേയും മാഹി ഹോക്കി ക്ലബ് സംഭാവന ചെയ്തിട്ടുണ്ട്.

പുകവലി ശീലമാക്കിയ.... ശീലമില്ല ഇടയ്ക്ക് എപ്പോഴെങ്കിലും എന്ന് പറയുന്ന.. ഓരോരുത്തരും ഓർക്കുക ഇന്ന് നിങ്ങളിലൂടെ എരിഞ്ഞു തീരുന്നതൊക്കെയും നാളെ നിങ്ങളെയും വെണ്ണീറാക്കും...

ഇന്ന് ലോക പുകയില വിരുദ്ധ ദിനം

രമ്യ രാജേഷ്



'വി നീഡ് ഫുഡ്, നോട്ട് ടൊബാക്കോ' എന്നുള്ളതാണ് 2023ലെ പുകയില രഹിത ദിനത്തിൽ ലോകാരോഗ്യ സംഘടന മുന്നോട്ടു വയ്ക്കുന്ന സന്ദേശം. ഇതരവിള ഉൽപാദനത്തെക്കുറിച്ചും വിപണന സാധ്യതകളെക്കുറിച്ചും അവബോധം വർധിപ്പിച്ച് പോഷക സാന്ദ്രമായ സുസ്ഥിരവിളകൾ ഉൽപാദിപ്പിക്കുന്നതിന് പുകയില കർഷകരെ പ്രോത്സാഹിപ്പിക്കാൻ ആണ് 2023 ആഗോള പ്രചാരണം ഉദ്ദേശിക്കുന്നത്. കൂടാതെ ലോക ഭക്ഷ്യ പ്രതിസന്ധിയെ കൂടുതൽ വഷളാക്കുന്ന പുകയില കൃഷിക്ക് പകരം പരിസ്ഥിതി സൗഹൃദ വിളകൾ കൊണ്ടുവരുന്നതിനുള്ള സംരംഭങ്ങളെ തടസപ്പെടുത്തുന്നതിനുള്ള പുകയില വ്യവസായത്തിന്റെ തന്ത്രങ്ങൾ ഉയർത്തിക്കാട്ടാനാണ് ഇത് ശ്രമിക്കുന്നത്.

ചരിത്രം...

ലോക പുകയില വിരുദ്ധ ദിനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1987 ലാണ്. ലോകാരോഗ്യ അസംബ്ലി പുകയില പകർച്ചവ്യാധിക്കെതിരേ ഒരു ആഗോള സംരംഭത്തിന് ആഹ്വാനം ചെയ്യുന്ന പ്രമേയം പാസാക്കിയതാണ്. തുടർന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ 2003ൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഫ്രെയിം വർക്ക് കൺവെൻഷൻ കൺട്രോൾ (WHO FCTC) അംഗീകരിച്ചതിന്റെ വാർഷികം പ്രമാണിച്ച് മെയ് 31 ലോക പുകയില വിരുദ്ധ ദിനമായി പ്രഖ്യാപിച്ചു.

ക്യാൻസർ...

ഓരോ വർഷവും പുകയില വിരുദ്ധ ദിനം കടന്നുപോകും. രണ്ടു എക്സ്ട്രാ സിഗരറ്റ് കൂടി പുകച്ച് നമ്മൾ അത് വായിച്ചും കേട്ടും തള്ളിക്കളയുകയും ചെയ്യും... യാതൊരു വിധ ഉപയോഗവുമില്ലാതെ ലക്ഷോപലക്ഷം ആളുകളെ മരണത്തിലേക്കും രോഗത്തിലേക്കും നയിക്കുന്ന ഏക ഉപഭോഗ വസ്തു പുകയില മാത്രമാണ്. ലോകത്ത് കാൽ നൂറ്റാണ്ട് കൊണ്ട് ലക്ഷം കോടി ജനങ്ങൾ പുകയില ഉപയോഗത്തിലൂടെ മരണപ്പെട്ടതായാണ് കണക്കുകൾ. ഇതിൽ ഭൂരിഭാഗം പേരും വ്യത്യസ്ത ക്യാൻസറുകൾ ബാധിച്ചാണ് മരണമടഞ്ഞിരിക്കുന്നത്.നാലായിരത്തിൽ പരം രാസപദാർത്ഥങ്ങൾ അടങ്ങിയ സിഗരറ്റിൽ 600 എണ്ണവും ക്യാൻസറിന് കാരണമാകുന്നവയാണ്. 100 പേർ അർബുദം ബാധിച്ച് മരിക്കുമ്പോൾ അതിൽ 30 പേരും പുകവലി മൂലം മരണപ്പെടുന്നവരാണ്. ശ്വാസകോശ അർബുദം, രക്താർബുദം, സ്തനാർബുദം തുടങ്ങി ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന ക്യാൻസറിന് കാരണവും പുകയില തന്നെ.

പാസീവ് സ്മോക്കിങ്...

പാസീവ് സ്മോക്കിങ് അഥവാ നിഷ്ക്രിയ പുകവലിയാണ് ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ വിപത്ത്. മറ്റൊരാളുടെ സിഗരറ്റിൻ തുമ്പത്തു നിന്നും വരുന്ന പുക ശ്വസിക്കുന്നത് പുകവലിക്കുന്നതിനേക്കാൾ അപകടമാണ്. ഇങ്ങനെ പുകവലിക്കുന്നവരുമായുള്ള സഹവാസത്തിലൂടെ മറ്റുള്ളവർക്ക് മാരകരോഗങ്ങൾ പിടികൂടുന്നു എന്നതാണ് ഇതിന്റെ അനന്തരഫലം. 4000ത്തോളം കെമിക്കലുകൾ കാർബൺ മോണോക്സൈഡ് അടക്കം 150ൽ അധികം മാരക വിഷങ്ങളുമാണ് പുകവലിക്കാർ സമൂഹത്തിന് സംഭാവന ചെയ്യുന്നത്. രണ്ടുമാസത്തിനും അഞ്ചു വയസ്സിനും ഇടയിലുള്ള 38% കുഞ്ഞുങ്ങൾ വീടുകളിലെ സ്മോക്കിങ്ങിന്റെ ഇരകളാണെന്നാണ് പഠന റിപ്പോർട്ടുകൾ. പാസീവ് സ്മോക്കിങ് മൂലമുള്ള അർബുദം വർധിക്കുന്നതായി ക്യാൻസർ രോഗ വിദഗ്ധർ പോലും പറയുന്നു. പുകവലിച്ച ഒരാൾ എടുക്കുന്ന കുട്ടിക്ക് വരെ കാൻസർ സാധ്യതയുണ്ടെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഗർഭിണികളിൽ 50% സ്ത്രീകളും പാസീവ് സ്മോക്കിങ്ങിന്റെ ഇരകളാണ് എന്നാണ് അടുത്തിടെ പുറത്തുവിട്ട റിപ്പോർട്ടുകളിൽ പറയുന്നത്. പുകവലിയെക്കാൾ ദോഷകരമായി ഗർഭിണികളെ ബാധിക്കുന്നത് പാസീവ് സ്മോക്കിങ് ആണെന്നാണ് പഠനത്തിൽ പറയുന്നത്. പുകവലിക്കാരുമായുള്ള സഹവാസം കുറയ്ക്കുക പൊതുവിടങ്ങളിലെ പുകവലി നിരോധന നിയമം കർക്കശമാക്കുക തുടങ്ങിയവയാണ് നിഷ്ക്രിയ പുകവലി തടയാനുള്ള മാർഗങ്ങൾ.

വാൽക്കഷ്ണം...

നിക്കോട്ടിൽ പുകയെടുത്തു 10 സെക്കൻഡിനുള്ളിൽ തലച്ചോറിൽ ലഹരിയായി പ്രവർത്തിക്കും. ഇത് രക്തസമ്മർദ്ദത്തിനും ഹൃദ്രോഗത്തിനും സ്ട്രോക്കിനും കാരണമാകും. വാഹനങ്ങൾ പുറംതള്ളുന്ന പുകയേക്കാൾ ദോഷകരമാണ് സിഗരറ്റിൽ നിന്ന് വലിച്ചു പുറന്തള്ളുന്ന പുക. അർബുദത്തിന് പുറമേ ലൈംഗികതയും പ്രത്യുൽപാദനത്തെയും വരെ പുകവലി ബാധിക്കുന്നു. പുകവലി കാര്യത്തിലും പുരുഷന് ഒപ്പം എത്താൻ സ്ത്രീകൾ ശ്രമിക്കുന്നതാണ് പുതിയ മാറ്റം.

കൗൺസിലർ വരുൺ ഭാസ്കർ, സ്പീച് ആന്റ് ഹിയറിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ആലീസിന് പുസ്തകം കൈമാറുന്നു

പുസ്തക വിതരണം നടത്തി

കോഴിക്കോട്: എം.ഇ.എസ് സിറ്റി കമ്മിറ്റിയും യൂത്ത് വിങ്ങും സംയുക്തമായി എരഞ്ഞിപ്പാലത്തെ കരുണ സ്പീച് ആന്റ് ഹിയറിങ്ങ് സ്കൂളിലെ വിദ്യാർഥികൾക്ക് നോട്ട് പുസ്തക വിതരണം നടത്തി. കൗൺസിലർ വരുൺ ഭാസ്കർ, സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ആലീസിന് പുസ്തകം നൽകി. സമൂഹത്തിലെ നിർധനരും നിരാലംബരുമായ വിദ്യാർഥികൾക്ക് എം.ഇ.എസ് എന്നും കൈത്താങ്ങായി നിന്നിട്ടുണ്ടെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക മാത്രമല്ല ജീവകാരുണ്യ പ്രവർത്തനങ്ങളിലും സംഘടന നിശബ്ദമായി പ്രവർത്തിക്കുന്നത് സമൂഹത്തിനും ഏറ്റവും ഗുണകരമായ കാര്യമാണെന്നും കൗൺസിലർ വരുൺ ഭാസ്കർ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

എം.ഇ.എസ് ജില്ലാ പ്രസിഡന്റ് പാലക്കണ്ടി അബ്ദുൽ ലത്തീഫ് മുഖ്യ പ്രഭാഷണം നടത്തി. കരുണ സ്കൂളിലെ തിരഞ്ഞെടുത്ത ഒരു വിദ്യാർഥിക്ക് എം.ഇ.എസിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിഗ്രിക്ക് സീറ്റ് നൽകുന്നതാണെന്ന് സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ആലിസിനെ ജില്ലാ പ്രസിഡന്റ് അറിയിച്ചു. സെന്റ് സേവിയേഴ്സ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ: വർഗീസ് മാത്യു, കരുണ സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ആലീസ്, നവാസ് കോയിശ്ശേരി, ബി.വി ആഷിർ എന്നിവർ സംസാരിച്ചു. എം.ഇ.എസ് സിറ്റി പ്രസിഡന്റ് കോയട്ടിമളിയേക്കൽ അധ്യക്ഷം വഹിച്ച ചടങ്ങിൽ സെക്രട്ടറി മോറയാസ് സ്വാഗതം പറഞ്ഞു.

ഫോർവേഡ് ബ്ലോക്ക് ബി.എസ്.എൻ.എൽ ഓഫിസ് മാർച്ചും ധർണയും സംഘടിപ്പിച്ചു

കോഴിക്കോട്: ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക് ദേശീയതലത്തിൽ കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരേ സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ കമ്മിറ്റി, ബി.എസ്.എൻ.എൽ ഓഫിസിലേക്ക് മാർച്ചും ധർണയും സംഘടിപ്പിച്ചു. വിലക്കയറ്റം തടയുക, കോർപറേറ്റ്-വർഗീയ പ്രീണനനയങ്ങൾ അവസാനിപ്പിക്കുക, ഭരണഘടനയെ ദുർബലപ്പെടുത്തുന്ന നടപടികൾ അവസാനിപ്പിക്കുക, ദില്ലിയിലെ ഗുസ്തി താരങ്ങളുടെ ആവശ്യങ്ങൾ അംഗീകരിച്ച് സമരം ഒത്ത്തീർപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ചും ധർണയും സംഘടിപ്പിച്ചത്. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ ടി. മനോജ് കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാസെക്രട്ടറി രാംദാസ് വെങ്ങേരി അധ്യക്ഷത വഹിച്ചു. യു.ഡി.എഫ് ജില്ലാ കൺവീനർ അഹമ്മദ് പുന്നക്കൽ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറിയേറ്റംഗങ്ങളായ ബഷീർ പൂവാട്ട്പറമ്പ്, കെ.പി അനസ് മാസ്റ്റർ, മോഹൻ കാട്ടാശ്ശേരി, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ വി.രാഹുലൻ, എ.കെ ചന്തം, മനോജ് കാരന്തൂർ, ശക്തിധർ പനോളി, എ.കെ സജി, ജില്ലാ കമ്മിറ്റി അംഗങ്ങളായ പി. ഹൈറുന്നീസ, പി.കെ ഷിജു, യാസർ അറഫാത്ത്, കെ.പി അസ്കർ, എം.എ ജലീൽ, കെ.സുമിത്ര എന്നിവർ സംസാരിച്ചു.

ഫോർവേഡ് ബ്ലോക്കിന്റെ നേതൃത്വത്തിൽ ബി.എസ്.എൻ.എൽ ഓഫിസിലേക്ക് നടന്ന മാർച്ചും ധർണയും

സുരക്ഷ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് പുതിയ ഭാരവാഹികളായി

കോഴിക്കോട്: സുരക്ഷ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ അഞ്ചാം വാർഷിക ജനറൽ ബോഡി യോഗം സരോജ് ഭവനിൽ ചേർന്നു. ചെയർമാൻ കെ.പി കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ പി. അജയകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. രക്ഷാധികാരി കമ്മറ്റിയംഗം കെ.കെ.മുഹമ്മദ്, കാനത്തിൽ ജമീല എം.എൽ.എ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളെ യോഗം തെരഞ്ഞെടുത്തു. ചെയർമാൻ: കെ.പികുഞ്ഞമ്മദ്കുട്ടി മാസ്റ്റർ. വൈസ് ചെയർമാൻമാർ: കാനത്തിൽ ജമീല എം.എൽ.എ, എം.പി അബ്ദുൾ ഗഫൂർ, വൈ. എം പ്രമോദ്കുമാർ. ജനറൽ കൺവീനർ: പി. അജയകുമാർ. കൺവീനർമാർ: പി.സുരേന്ദ്രൻ, ബി.എസ് സനാഥ്, ഒ.ശ്യാമള. ട്രഷറർ: സന്നാഫ് പാലക്കണ്ടി. 30 അംഗ ജില്ലാ കമ്മറ്റിയേയും പി.മോഹനൻ മാസ്റ്റർ ചെയർമാനായ എട്ടംഗ ഉപദേശക സമിതിയേയും തെരഞ്ഞെടുത്തു.



കെ.പികുഞ്ഞമ്മദ്കുട്ടി മാസ്റ്റർ(ചെയർമാൻ), പി.അജയകുമാർ(ജന. കൺവീനർ), സന്നാഫ് പാലക്കണ്ടി(ട്രഷറർ)

കേരള എജ്യുക്കേഷൻ കൗൺസിൽ സംസ്ഥാനതല അധ്യാപക ക്യാംപ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ചലച്ചിത്ര സംവിധായിക ലീല സന്തോഷ്

കേരള എജ്യുക്കേഷൻ കൗൺസിൽ സംസ്ഥാനതല അധ്യാപക ക്യാംപ് സമാപിച്ചു

ബത്തേരി: മെയ് 29,30 തീയ്യതികളിൽ സുൽത്താൻ ബത്തേരിയിൽ വച്ച് നടന്ന കേരള എജ്യുക്കേഷൻ കൗൺസിൽ സംസ്ഥാനതല അധ്യാപക ക്യാമ്പ് സമാപിച്ചു. 29ന് രാവിലെ ചലച്ചിത്ര സംവിധായിക ലീല സന്തോഷ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും ക്യാമ്പിൽ പങ്കെടുത്ത അധ്യാപികമാർക്ക് വിദ്യാഭ്യാസ വിദഗ്ധർ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി. നവീകരിച്ച സിലബസ് അവലോകനവും മറ്റ് പരിശീലന പരിപാടികളും നടന്നു.വയനാട് ഡയറ്റ് സീനിയർ ലക്ചറർ വി. സതീഷ് കുമാർ 'പ്രീ സ്കൂൾ കുട്ടികളുടെ മന:ശാസ്ത്രം' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. ക്യാമ്പിൽ പങ്കെടുത്ത എല്ലാ അധ്യാപികമാർക്കും കേരള എജ്യുക്കേഷൻ കൗൺസിൽ ഡയരക്ടർ സതീശൻ കൊല്ലറക്കൽ സർട്ടിഫിക്കറ്റ് വിതരണം നടത്തി. കൗൺസിൽ ചെയർമാൻ പ്രതാപ് മൊണാലിസ, അക്കാദമിക് കൗൺസിൽ ചെയർമാൻ കെ.ആർ.രതീഷ് കുമാർ, മീഡിയ ഹെഡ് കെ.ബി.മദൻലാൽ എന്നിവർ സംസാരിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ എം.ആർ.രജിത നന്ദി പറഞ്ഞു.

ഭിന്നശേഷിക്കാർക്ക് മംഗല്യമൊരുക്കി കരുണ ഫൗണ്ടേഷൻ

ഗുരുവായൂർ: ഭിന്നശേഷിക്കാർക്ക് മംഗല്യമൊരുക്കി കരുണ ഫൗണ്ടേഷൻ. 12 പേരാണ് വിവാഹിതരായത്. ആഭരണങ്ങളും പുതുവസ്ത്രങ്ങളുമണിഞ്ഞ് വധൂവരൻമാരെ നാഗസ്വരത്തിന്റെ അകമ്പടിയോടെ കതിർമണ്ഡപത്തിലേക്ക് ആനയിച്ചു. കരുണ മുൻകാലങ്ങളിൽ മംഗല്യമൊരുക്കിയവരും അവരുടെ കുട്ടികളുമടക്കം ആതിഥേയരായി ആയിരത്തോളം പേർ പങ്കെടുത്തു. വധൂവരൻമാർക്ക് വിവാഹ വസ്ത്രം, സ്വർണം ഉൾപ്പെടെ നൽകിയതും കരുണയാണ്. സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ കാർമികനായി. കരുണ ചെയർമാൻ കെ.ബി സുരേഷ്, സെക്രട്ടറി സതീശ് വാരിയർ, കോ-ഓർഡിനേറ്റർ ഫാരിദ ഹംസ, പ്രവാസി ക്ഷേമബോർഡ് ചെയർമാൻ കെ.വി അബ്ദുൾ ഖാദർ, ദേവസ്വം ചെയർമാൻ വി.കെ വിജയൻ, മുനിസിപ്പൽ ചെയർമാൻ എം.കൃഷ്ണദാസ്, പ്രതിപക്ഷ നേതാവ് കെ.പി ഉദയൻ, ചാവക്കാട് നഗരസഭാ ചെയർപേഴ്സൺ ഷീജ പ്രശാന്ത്, സിനിമ സംവിധായകൻ അമ്പിളി വിനോദ് ഗുരുവായൂർ, നടൻ ശിവജി ഗുരുവായൂർ, സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം എന്നിവർ സംബന്ധിച്ചു.

കരുണ ഫൗണ്ടേഷൻ ഭിന്നശേഷിക്കാർക്കായി നടത്തിയ വിവാഹ ചടങ്ങിൽ സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ മുഖ്യകാർമികത്വം വഹിച്ചപ്പോൾ

നോളജ് സിറ്റിയിൽ സംഘടിപ്പിച്ച മഴക്കാല പൂർവ ശുചീകരണ പ്രവൃത്തിയിൽനിന്ന്

നോളജ് സിറ്റിയിൽ മഴക്കാല പൂർവ ശുചീകരണം സംഘടിപ്പിച്ചു

നോളജ് സിറ്റി: മഴക്കാലമെത്തുന്നതിന്റെ മുമ്പ് ആരോഗ്യ പൂർണ പരിസരം സംരക്ഷിക്കാനായി മർകസ് നോളജ് സിറ്റിയിൽ ശുചീകരണം നടത്തി. പ്ലാസ്റ്റിക് മുക്ത ക്ലീൻ സിറ്റിയായ നോളജ് സിറ്റിയിലെ വിവിധ ഡിപാർട്ട്മെന്റുകളിലെ തൊഴിലാളികൾ ചേർന്നാണ് സിറ്റിയിലെ പ്രധാന ഇടങ്ങൾ ശുചീകരിച്ചത്. ജൈവ- അജൈവ മാലിന്യങ്ങൾ തരംതിരിച്ചാണ് സംസ്കരിക്കുന്നത്. ശുചീകരണ തൊഴിലാളികൾ നിത്യേനെ നടത്തുന്ന ശുചീകരണത്തിന് പുറമെയാണ് പ്രത്യേക ശുചീകരണ യജ്ഞം സംഘടിപ്പിച്ചത്. വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികളായ അഡ്വ. ശംവീൽ നൂറാനി, ഡോ. നിസാം, പി.യു ഉമ്മർ ഹാജി നേതൃത്വം നൽകി.

സിയെസ്കോ പ്രവാസി വിംഗ് ബിസിനസ് വർക്ക്ഷോപ്പ് നടത്തി

കോഴിക്കോട്: സിയെസ്കൊ പ്രവാസി വിംഗിന്റെ നേതൃത്വത്തിൽ സംരംഭകത്വ ശിൽപശാല കുറ്റിച്ചിറ സിയെസ്കൊ ഹാളിൽവച്ച് നടന്നു. സിയസ്കൊ പ്രസിഡന്റ് എൻജി. പി.മുഹമ്മദ് കോയ ഉദ്ഘാടനം ചെയ്തു. കെ.റസ്സൽ അലി (സി.ഇ.ഒ, കെയ്സ്ട്രൻ ഇന്നൊവേറ്റീവ് സൊലൂഷൻ) ക്ലാസിന് നേതൃത്വം നൽകി. സംരംഭകർ അറിഞ്ഞിരിക്കേണ്ട പുതിയ ബിസിനസ് സാധ്യതകൾ, പദ്ധതി എങ്ങനെ തുടങ്ങി വിജയിപ്പിക്കാം എന്നതിനെപ്പറ്റിയും റസ്സൽ അലി വിശദീകരിച്ചു. കൂടാതെ സദസ്യരുടെ ചോദ്യങ്ങൾക്ക് മറുപടിയും നൽകി. പ്രവാസി വിംഗ് ചെയർമാൻ പി.വി അഹമ്മദ് കോയ അധ്യക്ഷത വഹിച്ചു. സിയസ്കൊ ജനറൽ സെക്രട്ടറി എസ്. സർഷാദ് അലി, സിയസ്കൊ ഇന്റലക്ച്യൽ ആന്റ് പ്രവാസി വിംഗ് ചെയർമാൻ ബി.വി മുഹമ്മദ് അശ്റഫ്, പ്രവാസി വിംഗ് കൺവീനർ പി.വി യൂനുസ് എന്നിവർ സംസാരിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.